**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2547** **21-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി. യുടെ ഉടമസ്ഥതയിലുള്ള വൈദ്യുത പോസ്റ്റുകളുടെ ദുരുപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ ,<br>ശ്രീ. കെ എം ഷാജി ,<br>ശ്രീ. സി. മമ്മൂട്ടി ,<br>ശ്രീ എൻ. എ. നെല്ലിക്കുന്ന് | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. യുടെ ഉടമസ്ഥതയിലുള്ള വൈദ്യുത പോസ്റ്റുകൾ സ്വകാര്യ കേബിൾ ടിവി ഓപ്പറേറ്റേഴ്സ് ഉപയോഗിക്കുന്നതിന് പോസ്റ്റ് ഒന്നിന് ലഭിക്കേണ്ട തുകയിൽ, പ്രത്യേകിച്ച് തലസ്ഥാനനഗരിയിൽ ഉദ്യോഗസ്ഥ അറിവോടെ പോസ്റ്റിന്റെ എണ്ണം കുറച്ച് കാണിച്ച് ബോർഡിന് വരുമാനക്കുറവ് ഉണ്ടാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇക്കാര്യം നിരീക്ഷിക്കുന്നതിന് നടപടി ഉണ്ടായിട്ടുണ്ടോയെന്നും വരുമാന ചോർച്ചയ്ക്ക് കൂട്ട് നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി ഉണ്ടായിട്ടുണ്ടോയെന്നും ഉണ്ടാവുമോ എന്നും അറിയിക്കുമോ?; | (ബി) | സെക്ഷൻ തലത്തിൽ ഇക്കാര്യം നിരീക്ഷിക്കുന്നതിനും അനധികൃതമായി കേബിളുകൾ വലിക്കുന്ന കേബിൾ ടി. വി ഓപ്പറേറ്റർമാരെ കണ്ടെത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടില്ല. അപ്രകാരം ഏതെങ്കിലും ഉദ്യോഗസ്ഥരുടെ വീഴ്ച മൂലം വരുമാന നഷ്ടം ഉണ്ടായതായി കണ്ടെത്തിയാൽ അവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | സമൂഹത്തിൽ താഴെതട്ടിലുള്ള ചെറുകിട ഗാർഹിക ഉപഭോക്താക്കൾക്കുപോലും വൈദ്യുത ചാർജ്ജ് ഒടുക്കുന്ന ദിനത്തിലും ഇനത്തിലും നേരിയ ഇളവ് പോലും ഇല്ലെന്നിരിക്കെ പ്രസ്തുത വിഷയത്തിൽ സർക്കാരിന് എന്തു ചെയ്യാനാവുമെന്ന് അറിയിക്കുമോ? | (സി) | നിലവിലുള്ള നിയമം അനുസരിച്ച് അനധികൃതമായി കേബിളുകൾ വലിച്ചിരിക്കുന്നതോ അനുവദിച്ചതിൽ കൂടുതൽ പോസ്റ്റുകൾ വഴി കേബിളുകൾ വലിച്ചിരിക്കുന്നതോ ശ്രദ്ധയിൽപ്പെട്ടാൽ അവ നോട്ടീസ് നൽകി അഴിച്ചു മാറ്റിക്കുകയോ അല്ലാത്ത പക്ഷം കേബിളുകൾ കേടുപാടുകൾ സംഭവിക്കാതെ അഴിച്ചു മാറ്റുകയോ ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ